**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 203** **04-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതികളുടെ ഭാഗമായി പൊതുമേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികളാണ് സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നേട്ടങ്ങൾക്കു പുറമെ പൊതുമേഖലയുടെ പൊതുവായ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>2023-24 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപങ്ങൾ 4452.85 കോടി രൂപയുടെ മൊത്ത വിറ്റുവരവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ വിറ്റുവരവ് യഥാക്രമം 4546.88, 4310.99 കോടി രൂപയുമാണ്. |

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന നടപടികളും അത് മൂലം ഉണ്ടായ പുരോഗതിയുടെയും വിവരം സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികളാണ് സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നത്. നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ആഗോള-ആഭ്യന്തര വിപണന സാധ്യതകൾ വിലയിരുത്തി, നിലവിലെ വിപണന മേഖലകൾ വിപുലീകരിക്കുവാൻ കമ്പനികൾക്ക നിർദ്ദേശം നൽകിയിട്ടുണ്ട്.

2025-26സാമ്പത്തിക വർഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 275.10 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വത്തോട് കൂടി പ്രവർത്തന സ്വയംഭരണാവകാശം നൽകുന്നതിൻറെ ഭാഗമായി ശ്രീ. പോൾ ആൻറണി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകി യിരുന്നു. അതിനുശേഷം ഓരോ ശുപാർശകളും വിശദമായി പരിശോധിച്ച് ഘട്ടം ഘട്ടമായി അംഗീകാരം നൽകിവരുന്നു.

ശ്രീ.പോൾ ആൻറണി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിങ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (RIAB) നെ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (BPT) എന്ന് പുനർ

നാമകരണം ചെയ്ത്, ഗവേർണിംഗ് ബോഡി പുനഃസംഘടിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിന്റെയും 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബിസിനസ്സ് പ്ലാനും MoUഉം ഇതിനോടകം തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഇത് നടപ്പിലാക്കുന്നതിന്റെ പുരോഗതി മാസം തോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇൻറർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം ബി.പി.റ്റി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. മാസം തോറുമുള്ള പ്രവർത്തന അവലോകനത്തെ അടിസ്ഥാനമാക്കി ബഹു.മന്ത്രി തലത്തിലും, പ്രിൻസിപ്പൽ സെക്രട്ടറി / BPTതലത്തിലും അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

കമ്പനികളുടെ സുഗമമായ നടത്തിപ്പിനായി വളരെ അത്യാവശ്യമുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 28 കോടി രൂപ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തി നൽകിവരുന്നു.

Safety Audit / Energy Audit ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു. പുതിയ പരിസ്ഥിതി നയത്തിനനുയോജ്യമായ രീതിയിൽ കുറഞ്ഞ ചെലവിൽ മലിനീകരണ തോത് കുറയ്ക്കുന്നതിനായി കൂടുതൽ ഇന്ധനക്ഷമതയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക മുതലായവയും ഇതിൽ ലക്ഷ്യമിടുന്നു.

പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി ജീവനക്കാരുടെ പ്രവർത്തനം വിലയിരുത്തുന്നതിനും, പ്രൊമോഷൻ പോളിസി, succession planning ആധാരമാക്കി പുതിയ HR നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു.

സംസ്ഥാന പൊതുമേഖലയുടെ ചരിത്രത്തിലാദ്യമായി 18 സ്ഥാപനങ്ങളുടെ 31.10.2023 വരെയുള്ള വൈദ്യുതി

കുടിശ്ശികയായ 272.20 കോടി രൂപ വൈദ്യുതി ബോർഡ് ഒറ്റത്തവണ തീർപ്പാക്കി നൽകുകയുണ്ടായി.

സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ബി.പി.റ്റി മുഖേന എല്ലാ മാസവു റിപ്പോർട്ട് ചെയ്ത് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കുടിശ്ശിക ഉണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകൾ ഭൂരിഭാഗവും പൂർത്തിയാക്കാൻ സാധിച്ചു.

പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങ സുതാര്യമാക്കുന്നതിന്റെ ഭാഗമായി പി.എസ്.സി മുഖേനയല്ലാതെയുള്ള നിയമനങ്ങൾ നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് (KPESRB) രൂപീകരിച് പ്രവർത്തനമാരംഭിക്കുകയും മാനേജിംഗ് ഡയറക്ടർമാരുടെ നിയമനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുകയും മറ്റ തസ്തികകളിലേക്കുള്ള നിയമന പ്രക്രിയകൾ പുരോഗമിക്കുകയുമാണ്.

കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ ഒരു പാനൽ തയ്യാറാക്കി പ്രൊഫെഷണൽ ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിൻറെ ഭാഗമായുള്ള പരിശീലന പരിപാടികൾ കമ്പനി തലത്തിലും ബി.പി.റ്റി മുഖേനയും നടത്തിവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ

ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിങ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിങ് എന്നീ മേഖലകളിൽ അവാർഡുകൾ നൽകിവരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിനുള്ള പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതിനും ദീർഘകാല പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി സർക്കാർ ധനസഹായത്തിന് പുറമെ റിവോൾവിങ് ഫണ്ട് രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള സ്പിന്നിങ് മില്ലുകൾക്ക് വിളവെടുപ്പ് സമയത്ത് വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞി വാങ്ങിക്കുന്നതിനും പഞ്ഞിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി കോട്ടൺ ബോർഡ് രൂപീകരിച്ചു. കോട്ടൺ ബോർഡിന് പഞ്ഞി വാങ്ങിക്കുന്നതിനുള്ള പ്രവർത്തനമൂലധനത്തിനായി NCDC യിൽ നിന്ന് 70 കോടി രൂപ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2024-25 സാമ്പത്തിക വർഷം കോട്ടൺ ബോർഡിന് 1( കോടി രൂപയും വാർഷിക ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

മേല്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ഫണ്ടിൽ നിന്നും ആദ്യഘട്ടമായി 3.30 കോടി രൂപയുടെ പഞ്ഞി Cotton Corporation of India Ltd-ൽ നിന്നും വാങ്ങി മില്ലുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടമായി പഞ്ഞി വാങ്ങുന്നതിലേക്കായി 3.50 കോടി രൂപയും നൽകിയിട്ടുണ്ട്.

ഈ പരുത്തി ഉപയോഗിച്ച് ഗുണനിലവാരമുള്ള നൂൽ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നതിനാൽ നൂലിന് മെച്ചപ്പെട്ട വില ലഭിക്കുകയും മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുകയും ചെയ്യും. കൂടാതെ നിലവിൽ പല സ്പിന്നിങ് മില്ലുകളുടെയും അസംസ്കൃത വസ്തുവായ പോളിസ്റ്റർ സംഭരണം കൂടി കോട്ടൺ ബോർഡ് മുഖേനെ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ നടപടികളിലൂടെ

ടെക്സ്റ്റൈൽ മില്ലുകൾ ഇന്ന് നേരിടുന്ന പ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരമാകും.

പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉത്പന്നങ്ങളുടെ വിപണനത്തിനായി ONDCയുടെ സഹകരണത്തോടെ ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി BPT യുടെ നേതൃത്വത്തിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ **"kshoppe.in"** എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിച്ച് വരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിൻറെയും വിപുലീകരിക്കുന്നതിന്റെയും ഭാഗമായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾക്ക് തുടർച്ചയായി ബിസിനസ്/ ഓർഡറുകൾ നേടിയെടുക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സംഘടിപ്പിച്ച B2B meet ന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഓർഡറുകൾ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. നാല് പെട്രോൾ പമ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അധിക ഭൂമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ച് വരികയാണ്. ഇത്തരത്തിൽ അധിക ഭൂമി ഉപയോഗിച്ച് വരുമാനം വർധിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| | | | ഇന്ത്യയുടെ ചാന്ദ്ര പര്യവേക്ഷണമായ ചന്ദ്രയാൻ 3 ദൗത്യത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളായ KMML, TCCL, SIFL, KELTRON, SIDCO എന്നിവ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഇത് കൂടാതെ ആദിത്യ L1 മിഷനിലും വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഭാഗമാകുന്നതിനു സാധിച്ചിട്ടുണ്ട്.<br><br>വ്യവസായ വകുപ്പിന് കീഴിലുള്ള കെൽട്രോൺ, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, സിഡ്കോ, കേരള ആട്ടോമൊബൈൽ ലിമിറ്റഡ് മുതലായ സ്ഥാപനങ്ങൾ പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിവിധ ഓർഡറുകൾ ലഭ്യമാക്കി മെച്ചപ്പെട്ട പ്രവർത്തനം നടത്തിവരുന്നു.<br><br>പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മത്സരക്ഷമമാക്കുക എന്ന സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും, സംയുക്ത സംരംഭമായ ഭെൽ-ഇ.എം.എൽ-ഉം ഏറ്റെടുത്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളാക്കി യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ എന്ന് പുനർനാമകരണം ചെയ്ത് പ്രവർത്തനം പുനഃരാരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട് |
| (ബി) | ചന്ദ്രയാൻ-3 അടക്കമുള്ള ബഹിരാകാശ ദൗത്യങ്ങൾക്ക് വേണ്ടി ഉന്നത നിലവാരത്തിലും ഉയർന്ന സാങ്കേതിക മികവുള്ള കമ്പോണന്റുകൾ നിർമ്മിച്ച് നൽകുവാൻ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഓർഡർ ലഭിച്ചിരുന്നോ; വിശദമാക്കാമോ; | (ബി) | ചന്ദ്രയാൻ-3 അടക്കമുള്ള ബഹിരാകാശ ദൗത്യങ്ങൾക്ക് വേണ്ടി ഉന്നത നിലവാരത്തിലും ഉയർന്ന സാങ്കേതിക മികവുള്ള കമ്പോണന്റുകളും, വിവിധ ഘടകങ്ങളും നിർമ്മിച്ച് നല്കുവാൻ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിവിധ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്.<br><br>ഇന്ത്യയുടെ ചാന്ദ്ര പര്യവേക്ഷണമായ ചന്ദ്രയാൻ 3 ദൗത്യത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്കും പങ്കു വഹിക്കുന്നതിനു |

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടുണ്ട്. സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡിന്റെ അതിസങ്കീർണ്ണമായ ഫോർജിഗ്സുകൾ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ സോഡിയം ക്ലോറേറ്റ് ക്രിസ്റ്റൽ, കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡിന്റെ ടൈറ്റാനിയം സ്പോഞ്ച് മെറ്റൽ ഉപയോഗിച്ച് ഉണ്ടാക്കിയ അലോയ്കൾ, കെൽട്രോണിന്റെ നാൽപ്പത്തിയൊന്ന് വിവിധ ഇലക്ട്രോണിക്സ് മോഡ്യൂൾ പാക്കേജുകൾ തുടങ്ങിയവ ചന്ദ്രയാൻ 3 മിഷനിൽ ഉപയോഗിച്ചിട്ടുണ്ട്. "ചന്ദ്രയാൻ 3-ന്റെ വിവിധ ടൂളുകൾ,അനുബന്ധ ഉപകരണങ്ങൾ, സിഡ്കോയുടെ റ്റി.ആർ.റ്റി.സി യൂണിറ്റ് മുഖാന്തിരം നിർമ്മിച്ച് നൽകുവാൻ സാധിച്ചു.<br><br>കെൽട്രോൺ മുഖേന ബഹിരാകാശ ദൗത്യങ്ങൾക് വേണ്ടി പ്രധാനമായി ചെയ്തുവരുന്ന ഇലക്ട്രോണിക്സ് മൊഡ്യൂളുകളാണ് സ്റ്റേജ് പ്രോസസ്സിംഗ് മൊഡ്യൂളുകൾ, കൺട്രോൾ ഇലക്ട്രോണിക്സ് മൊഡ്യൂളുകൾ, ഇനേർഷ്യൽ സെൻസിംഗ് യൂണിറ്റിന്റെ പവർ മൊഡ്യൂൾ, **Real Time Decision** മൊഡ്യൂൾ തുടങ്ങിയവ. കൂടാതെ ലോഞ്ച് വെഹിക്കിളുകളുടെ സബ് അസംബ്ലി ഹാർനെസിങും ചെയ്തുവരുന്നുണ്ട് .<br><br>സിഡ്കോയുടെ ടൂൾ റൂം കം ട്രെയിനിംഗ് സെൻ്റർ യൂണിറ്റ് ഐ. എസ്. ആർ. ഒ - യ്ക്ക് ആവശ്യമായ വിക്ഷേപണ വാഹനങ്ങൾക്കായുള്ള പ്രിസിഷൻ മെക്കാനിക്കൽ സിസ്റ്റം ഉത്പാദിപ്പിക്കുന്നതിനുള്ള വെണ്ടർ രജിസ്ട്രേഷൻ സിഡ്കോയ്ക്ക് ലഭിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ - യുടെ നിർദ്ദേശ പ്രകാരം നിരവധി പൈറോ ഉപകരണങ്ങളും കൺട്രോൾ ആക്ച്വേഷൻ സിസ്റ്റവും സിഡ്കോ ഉൽപ്പാദിപ്പിച്ച് നൽകിയിട്ടുണ്ട്. **GAGANYAN** പ്രോഗ്രാമിനായി വിവിധ പൈറോ സിസ്റ്റം വെയറുകൾ ഉൽപ്പാദിപ്പിക്കുന്നതിന് ഐ.സ്.ആർ.ഒ സിഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള കെൽട്രോണും സബ്സിഡിയറി സ്ഥാപനങ്ങളും, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, സിഡ്കോ, കേരള ആട്ടോമൊബൈൽ ലിമിട്ടഡ് മുതലായ സ്ഥാപനങ്ങൾ പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിവിധ ഓർഡറുകൾ ലഭ്യമാക്കി മെച്ചപ്പെട്ട പ്രവർത്തനം നടത്തിവരുന്നു.<br><br>കെൽട്രോണിന് നാവികസേനയുടെ വിവിധതരം കപ്പലുകളിൽ സ്ഥാപിക്കുന്നതിനു സമുദ്ര ജലത്തിന്റെ ആഴം അളക്കുന്നതിനുള്ള എക്കോ സൗണ്ടർ, കപ്പലുകളുടെയും മറ്റും വേഗം കണക്കാക്കുന്നതിനുള്ള |

ഇലക്ട്രോ മാഗ്നെറ്റിക് ലോഗ്, ഡാറ്റാ ഡിസ്ട്രിബ്യൂഷൻ യൂണിറ്റുകൾ, ആൻറി സബ്മറൈൻ ഷാലോ വാട്ടർ ക്രാഫ്റ്റുകൾക്കളിലുള്ള സോണാറിന് ആവശ്യമായ പവർ ആംപ്ലിഫയറുകൾ, **Towed Array, Transducers** തുടങ്ങിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ പ്രതിരോധ മേഖലയിൽ കെൽട്രോൺ തദ്ദേശീയമായി നിർമ്മിച്ചു വരുന്നു. കെൽട്രോണിന് ശരാശരി **110** കോടി രൂപയുടെ **Turnover** പ്രതിവർഷം ലഭിക്കുന്നുണ്ട്.

സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ് ഡിആർഡിഒയുടെ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ച വിവിധ മിസൈൽ പ്രോഗ്രാമിനുവേണ്ടി ഫോർജിംഗ്സുകൾ ഉൽപാദിപ്പിച്ച് നൽകിയിട്ടുണ്ട്. ഇന്ത്യൻ നേവിയുടെ അന്തർവാഹിനി നിർമ്മാണ പ്രക്രിയയുടെ തദ്ദേശീയവത്കരണത്തിൽ നിർണ്ണായക പങ്ക് വഹിച്ചതിലൂടെ 11 കോടി മൂല്യം വരുന്ന ഓർഡറുകൾ ലഭ്യമായിട്ടുണ്ട്. ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിൽ നിന്നും, ഗഗനയാൻ പ്രോജക്ടിലേക്കും അതിസങ്കീർണ്ണമായ ഫോർജിംഗ്സുകൾ ഉൽപ്പാദിപ്പിച്ചു നൽകുന്നതിനായി ഓർഡറുകളും കമ്പനിക്ക് നേടാൻ സാധിച്ചിട്ടുണ്ട്. പ്രതിരോധ വകുപ്പിന്റെ ഓർഡിനൻസ് ബോർഡിന്റെ ചെന്നൈ ആവഡിയിലുള്ള ഹെവി വെഹിക്കിൾസ് ഫാക്ടറിയിൽ നിന്ന് ഡി.ആർ.ഡി.ഓ തദ്ദേശിയമായി വികസിപ്പിച്ച അർജ്ജുൻ എം.ബി ടാങ്കുകളുടെ ഘടകമായ സ്പ്രോക്കറ്റ് ഫോർജിങിന് 7.2 കോടിയുടെ ഓർഡർ കരസ്ഥമാക്കിയിട്ടുണ്ട്. അതിനുശേഷം ചെന്നൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കോംബാറ്റ് വെഹിക്കിൾസ് റിസർച്ച് ഡെവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ് (സി.വി.ആർ.ഡി.ഇ) ഫിൽഡ് ട്രയൽസ് വിജയകരമായി പൂർത്തികരിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.ഐ.എഫ്.എൽ വികസിപ്പിച്ച പ്രോക്കറ്റ് ഫോർജിങ്ങിന് ഡി.ആർ.ഡി.ഓ-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് 118 ടാങ്കുകളുടെ പ്രോക്കറ്റ് നിർമാണത്തിന് വേണ്ടിയുള്ള ഓർഡർ കമ്പനിക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നത്.

സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് കൊച്ചിൻ ഷിപ്പ്യാർഡിനു വേണ്ടി കപ്പലുകൾക്ക് ആവശ്യമായ ഹാച്ച് കോമിങ്ങും മറ്റ് അനുബന്ധ ഉത്പന്നങ്ങളും നൽകി വരികയും ദീർഘകാല കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ നേവിയുടെ സബ് മറൈൻ പൊളിക്കുന്നതിനുള്ള ഓർഡറുകളും ലഭിക്കുകയും തുടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട് **Hindustan Aeronautics Ltd (HAL)** നിന്നും വിവിധ

| | | | |
|---|---|---|---|
| | | | വർക്കുകൾക്കുള്ള ഓർഡറുകൾ സിഡ്കോയ്ക്ക് ലഭിച്ചുവരുന്നു. കൂടാതെ ബ്രഹ്മോസിൽ നിന്നും വർക്കുകൾ ലഭിക്കുന്നതിനുള്ള എംപാനൽമെൻറ് നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ISRO/VSSC, ബ്രഹ്മോസ് എന്നീ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ സാങ്കേതിക വർക്കുകളുടെ ഓർഡറുകൾ ഏറ്റെടുത്ത് നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ